**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **07-07-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ ഐ. ടി. ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിലെ ഐ. ടി. ഉപകരണങ്ങളുടെ ഫെസിലിറ്റി മാനേജ്മെൻറ് സിസ്റ്റം (എഫ്.എം.എസ്.) ടെണ്ടർ നേടുന്ന സ്ഥാപനത്തിന് ഉപകരണ നിർമ്മാതാക്കളിൽ (ഒറിജിനൽ എകിപ്മെൻറ് മാനുഫാക്ച്ചറർ) നിന്നും അവരുടെ ഉപകരണങ്ങൾ സർവ്വീസ് ചെയ്യുന്നതിനുള്ള സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന് ടെൻഡറിൽ നിഷ്കർഷിച്ചിരുന്നോ; | (എ) | ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം (എഫ്.എം.എസ്) പദ്ധതിയുമായി ബന്ധപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങളിൽ (Supplier Qualification & References) 9 വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നേടുന്ന സ്ഥാപനത്തിന് ഉപകരണ നിർമ്മാതാക്കളിൽ നിന്നും അവരുടെ ഉപകരണങ്ങൾ സർവ്വീസ് ചെയ്യുന്നതിനുള്ള സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നില്ല. ഉപകരണ നിർമ്മാതാക്കളുമായി കരാർ ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ടെൻണ്ടർ നല്കുവാനാകുകയുള്ളുവെന്ന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട വരുന്ന എല്ലാ ഉപകരണങ്ങൾക്കും onsite മെയിന്റനൻസ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഉപകരണങ്ങളുടെയും സ്പെയറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ആവശ്യമെങ്കിൽ സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ ഉപകരണ നിർമ്മാതാക്കളുമായി back-to-back വ്യവസ്ഥകൾ പ്രകാരം മാത്രമേ കരാർ ആകാവൂവെന്നും സർക്കാരിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ടെൻഡർ നേടിയ സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ; ഈ സ്ഥാപനം പ്രസ്തുത സാക്ഷ്യപ്പെടുത്തൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ ടെൻഡർ നടപടികൾ പാലിക്കാത്ത സ്ഥാപനത്തിന് ടെൻഡർ നല്കിയതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) | Accel IT Solutions എന്ന സ്ഥാപനം യോഗ്യതാമാനദണ്ഡങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ, ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.<br><br>Techno-Commercial വ്യവസ്ഥകൾ പ്രകാരം ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന സ്ഥാപനമായിരിക്കും ടെണ്ടർ നേടുന്നത്. ഇത് പ്രകാരം ടെക്നിക്കൽ ബിഡുകൾക്ക് 70 മാർക്കും കൊമേർഷ്യൽ ബിഡുകൾക്ക് 30 മാർക്കുമാണ് നല്കുന്നതിനായി നിഷ്കർഷിച്ചിരുന്നത്. Back-to-back |

| | | | |
|---|---|---|---|
| | | | കരാറുകൾക്ക് മാർക്ക് നൽകുന്നതിനായി ചേർത്തിരുന്ന വ്യവസ്ഥ ചുവടെ വിവരിക്കുന്നു.<br><br>Specialized System administration resources for enterprise class infrastructure comprising of Dell Servers, HP Virtual Tape Library, IBM. Dell, Cisco Huawei storages, RedHat Enterprise Linux etc (Onsite and Offsite - OEM Authorisation/Integrator certificates or Agreements to be submitted) (2.5 marks for each OEM/Agreement subject to a maximum of 10 points)<br><br>മേൽ വ്യവസ്ഥകൾക്ക് Accel IT Services Ltd 10 മാർക്ക് ഉൾപ്പെടെ ആകെ 70 -ൽ 64 മാർക്കുകൾ ടെക്നിക്കൽ സ്കോർ നേടിയിരുന്നു. ഇങ്ങനെ നേടിയ മാർക്കിന്റെയും ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയുടെയും അടിസ്ഥാനത്തിൽ Mathematical Formula പ്രകാരമുള്ള overall ranking പ്രകാരമാണ് ടെണ്ടർ നേടുവാൻ അർഹതയുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നത്. |
| (സി) | അത്തരത്തിൽ യോഗ്യത നേടാതിരുന്നിട്ടും നാളിതുവരെ യോഗ്യരാണെന്ന് ബോധ്യപ്പെടുത്താതിരുന്നിട്ടും മേൽ സ്ഥാപനത്തിനു തന്നെ ടെണ്ടർ നൽകിയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം യോഗ്യത നേടിയ സ്ഥാപനങ്ങളിൽ നിന്നും overall ranking പ്രകാരം ഉയർന്ന സ്ഥാനം നേടിയ സ്ഥാപനമായ Accel IT Services Ltd- ന് മാത്രമെ ടെണ്ടർ നല്കുവാൻ കഴിയുകയുള്ളായിരുന്നു. |

സെക്ഷൻ ഓഫീസർ